(iii) 3-ാം ഉപഖണ്ഡത്തിൽ "എയ്ഡഡ്" എന്ന വാക്കിനുപകരം "സർക്കാരുമായി ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ള പ്രൈവറ്റ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

5-ാം ഖണ്ഡം

5-ാം ഖണ്ഡത്തിൽ "സിൻഡിക്കേറ്റ്" എന്ന വാക്കിനുപകരം "വൈസ്-ചാൻസലർ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്.

8-ാം ഖണ്ഡം

8-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം (v)-ാം ഇനത്തിൽ "ഇന്റേണൽ കമ്മിറ്റി" എന്നീ വാക്കുകൾക്കുപകരം "ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

തിരുവനന്തപുരം,
2021 ഒക്ടോബർ 11.

വി. ശിവൻകുട്ടി,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

1615/2021.

## അനുബന്ധം I

# വിയോജനക്കുറിപ്പ്

സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനത്തിനും സേവന വ്യവസ്ഥകൾക്കും വേണ്ടി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ശിപാർശ ചെയ്ത പ്രകാരമാണ് ബിൽ കൊണ്ടുവന്നിരിക്കുന്നത്.

ഭരണഘടനയുടെ 29, 30 അനുച്ഛേദങ്ങൾ പ്രകാരം ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. സ്വാശ്രയ കോളേജുകളിലും ഇപ്രകാരമുള്ള സ്ഥാപനങ്ങൾ ഉൾപ്പെടുന്നുണ്ട്. ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതിനുള്ള അവകാശം റ്റി.എം.എ. പൈ ഫൗണ്ടേഷൻ കേസ് അടക്കമുള്ള സുപ്രീംകോടതി വിധികളിൽ ഊട്ടി ഉറപ്പിച്ചിട്ടുണ്ട്. ആയതിനാൽ മേല്പറഞ്ഞ ഭരണഘടനാ വ്യവസ്ഥകൾക്ക് അനുസൃതമായാണോ ബില്ലിലെ വ്യവസ്ഥകൾ തയ്യാറാക്കിയിട്ടുള്ളതെന്ന് സൂക്ഷ്മ പരിശോധന ആവശ്യമാണ്.

ബില്ലിലെ മൂന്നാം വകുപ്പിൽ നിശ്ചിത യോഗ്യത ഇല്ലാത്ത അദ്ധ്യാപക-അനദ്ധ്യാപകർക്ക് യോഗ്യത നേടുന്നതിന് അവസരം നൽകാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു. ഇക്കാര്യത്തിൽ യോഗ്യത നേടേണ്ട സമയപരിധി സംബന്ധിച്ച് ബില്ലിൽ തന്നെ കൃത്യമായ വ്യവസ്ഥ ഉൾപ്പെടുത്താതിരുന്നാൽ യോഗ്യത ഇല്ലാത്തവർ സ്വാശ്രയ കോളേജുകളിൽ തന്നെ തുടരുന്ന സാഹചര്യം ഉണ്ടാകുന്നതാണ്. ഇത് ഉചിതമല്ല.

2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവനവ്യവസ്ഥകളും) ബില്ലിന്റെ ഖണ്ഡം 4-ലെ വ്യവസ്ഥകൾ സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക - അനദ്ധ്യാപകരുടെ Conditions of Services സംബന്ധിച്ച കേരള സർവ്വകലാശാല നിയമത്തിലെ 69, എം. ജി. സർവ്വകലാശാല നിയമത്തിലെ 73 A, കണ്ണൂർ സർവ്വകലാശാല നിയമത്തിലെ 97, കോഴിക്കോട് സർവ്വകലാശാല നിയമത്തിലെ 68 A എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്നു. കൂടാതെ വകുപ്പ് 9-ൽ ഈ നിയമത്തിലെ വ്യവസ്ഥകൾ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമെയും അവയ്ക്ക് ഭംഗം വരുത്താതെയും ആണെന്ന് പ്രതിപാദിക്കുന്നു. അപ്പോൾ മേല്പറഞ്ഞ നിയമങ്ങളും ബില്ലിലെ വ്യവസ്ഥകളും പരസ്പരവിരുദ്ധമാണ്. ഈ പിഴവ് പരിഹരിക്കേണ്ടതാണ്.

ബില്ലിലെ പതിനൊന്നാം വകുപ്പിൽ കോളേജ് ജീവനക്കാരുടെ മേലുള്ള മാനേജ്മെന്റിന്റെ ശിക്ഷാനടപടികൾക്കുള്ള അപ്പലേറ്റ് അതോറിറ്റി സിൻഡിക്കേറ്റ് ആണെന്ന് വ്യവസ്ഥചെയ്യുന്നു. എയ്ഡഡ് കോളേജുകളുടെ കാര്യത്തിൽ യൂണിവേഴ്സിറ്റികൾക്ക് അപ്പലേറ്റ് ട്രിബ്യൂണലും അതിനുമുകളിൽ ഹൈക്കോടതിയിൽ അപ്പീൽ നൽകുവാനും വ്യവസ്ഥയുണ്ട്. എന്നാൽ സ്വാശ്രയ കോളേജുകളുടെ അപ്പീൽ അധികാരം പൂർണ്ണമായും സർവ്വകലാശാല സിൻഡിക്കേറ്റിൽ നിക്ഷിപ്തമാക്കുന്നത് ഉചിതമല്ല.

കോളേജുകളിലെ യോഗ്യതയില്ലാത്തവരെ മാറ്റുവാനും അദ്ധ്യാപകർക്കും ജീവനക്കാർക്കും സർക്കാർ നിശ്ചയിച്ചിട്ടുള്ള ശമ്പളം നൽകുവാനും കോളേജിലെ ചെലവുകൾക്ക് അനുസൃതമായി ഫീസ് നിശ്ചയിക്കുവാനും കോളേജിലെ നിയമനങ്ങൾ സർവ്വകലാശാല അംഗീകരിക്കുവാനും വ്യവസ്ഥ ചെയ്യുന്ന വകുപ്പുകൾ ബില്ലിൽ കൂട്ടി ചേർക്കുന്നത് ഉചിതമാണ്. മേല്പറഞ്ഞ കാരണങ്ങളാൽ ബില്ലിലെ വ്യവസ്ഥകളോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (ഒപ്പ്)

ടി. വി. ഇബ്രാഹിം (ഒപ്പ്)

